"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാങ്കേതിക വിദ്യാഭ്യാസം - ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യം Intellectual Disability എന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(സാധാ) നം.881/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 06/07/2021

പരാമർശം:- 1 സ.ഉ(സാധാ)നം. 538/2019/ ഉവിവ തീയ്യതി 06.04.2019

2 സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 23/06/2021 തീയ്യതിയിലെ C3/13277/21/DTE/ഡി.ടി.ഇ നമ്പർ കത്ത്

ഉത്തരവ്

ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് scribe-നെ അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ ആനുകൂല്യം Intellectual Disability എന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2 . സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് scribe-നെ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ ആനുകൂല്യം Intellectual Disability എന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സജ്ഞകുമാർ എൻ

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പാൾ , ഫുഡ് & ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ഓഡിറ്റ് കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കോട്ടയം

www.highereducation.kerela.gov.in

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ